# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3907 — 15.12.2014-ൽ മറുപടിയ്ക്ക്

### പട്ടയ ഭൂമിയിൽ വച്ചുപിടിപ്പിച്ച മരങ്ങൾ മുറിക്കുന്നതിന് നിയമ തടസ്സം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | |
| (എ) | കൈവശ കർഷകർ പട്ടയഭൂമിയിൽ വച്ചു പിടിപ്പിച്ച മരങ്ങൾ മുറിക്കുന്നതിന് നിലവിൽ എന്തെങ്കിലും നിയമതടസ്സം ഉണ്ടോ; മുറിയ്ക്കാൻ പാടില്ലാത്ത മരങ്ങളുടെ പേരു വിവരം വ്യക്തമാക്കാമോ; ഇത്തരത്തിലുള്ള മരങ്ങൾ മുറിച്ചാൽ എന്തൊക്കെ ശിക്ഷാ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 1970-ലെ Arable Forest land Assignment Rules പ്രകാരവും 1993-ലെ Kerala Land Assignment (Regulation of Occupation of Forest Land, Prior to 01.01.1977) Special Rules പ്രകാരവുമുള്ള ഫോം നമ്പർ 6-ലെ പട്ടയ വ്യവസ്ഥ 1 പ്രകാരം പട്ടയം നൽകുമ്പോൾ നിലവിലുള്ള മരങ്ങളും പിന്നീടുവരുന്ന എല്ലാ മരങ്ങളും സർക്കാരിന് അവകാശപ്പെട്ടതാണ്. ആയതിനാൽ ഇപ്രകാരമുള്ള പട്ടാദാർക്ക് സർക്കാരിൽ പണം അടയ്ക്കാതെ ഒരു മരവും മുറിയ്ക്കാൻ അനുവാദമില്ല. തേക്ക്, ഈട്ടി, കരിമരം, ചന്ദനം എന്നീ മരങ്ങൾ വില കൊടുത്താലും പട്ടാദാർക്ക് ലഭിക്കുന്നതല്ല. |
| (ബി) | കൃഷി ഭൂമിയുടെ തറവിലയും തടിവിലയും കെട്ടിവച്ച് പട്ടയം നേടിയ കർഷകർക്കും തടി മുറിയ്ക്കാൻ തടസ്സമുണ്ടോ; | (ബി) | പട്ടയത്തിൽ സർക്കാരിലേക്ക് റിസർവ്വ് ചെയ്ത മരങ്ങളും, തനിയെ വളർന്നു വരുന്നവയും മുറിയ്ക്കാൻ നിലവിലുള്ള നിയമം അനുവദിക്കുന്നില്ല. |

(സി) പട്ടയഭൂമിയിൽ നിന്നും മരം മുറിച്ച എത്ര കർഷകർക്കെതിരെ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇവരിൽ നിന്നും എന്തെങ്കിലും നഷ്ട പരിഹാരം ഈടാക്കിയിട്ടുണ്ടോ;

പട്ടയ ഭൂമിയിൽ നിന്നും മരം മുറിച്ച കർഷകർക്കെതിരെ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 108 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസുകളിൽ 45 കേസുകൾ തീർപ്പാക്കിയ ഇനത്തിൽ 1,81,252/- രൂപ (ഒരു ലക്ഷത്തി എൺപത്തി ഒന്നായിരത്തി ഇരുനൂറ്റി അൻപത്തി രണ്ട് രൂപ) ഈടാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ